പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1319 02.05.2017 -ൽ മറുപടിക്ക്

## വഖഫ് സ്വത്ത് പരിപാലനം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ.കെ.വി അബ്ദുൾ ഖാദർ<br>ശ്രീ. കാരാട്ട് റസാഖ്<br>ശ്രീ.എ. എൻ. ഷംസീർ<br>ശ്രീ.എം. നൗഷാദ് | | ഡോ.കെ.ടി.ജലീൽ<br>(തദ്ദേശസ്വയം ഭരണവും ന്യൂനപക്ഷ ക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പമന്ത്രി) |
| (എ) | സംസ്ഥാനത്തെ വഖഫ് സ്വത്ത് പരിപാലനത്തിന് മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നതിനായി നിലവിലുള്ള റഗുലേഷൻ റൂൾസ് പരിഷ്കരിക്കുന്നതിന് നടപടി സ്വീകരിക്കുവാൻ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ടോ; | (എ) | ഇല്ല. എന്നാൽ വഖഫ് സ്വത്ത് പരിപാലനത്തിൽ ആവശ്യമായ മാർഗ്ഗ നിർദ്ദേശങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള മോഡൽ റൂൾ കേന്ദ്ര സർക്കാരിൽനിന്നും ലഭ്യമായിട്ടുള്ളതും ആയതിന്റെ അടിസ്ഥാന ത്തിൽ കരട് റൂൾ തയ്യാറാക്കി സമർപ്പിക്കുവാൻ സംസ്ഥാന വഖഫ് ബോർഡിനോട് ആവശ്യപ്പെട്ടിരിക്കുകയുമാണ് |
| (ബി) | വഖഫ് സ്വത്ത് അന്യാധീനപ്പെട്ട് പോകാതിരിക്കാനും അന്യാധീനപ്പെട്ടവ തിരിച്ചെടുക്കുന്നതിനും സമയബന്ധിത മായി സർവേ നടത്തി ആസ്തി രജിസ്റ്റർ കാലോചിതമാക്കുന്നതിനും നടപടി സ്വീകരിക്കുമോ; | (ബി) | 2013-ലെ വഖഫ് ഭേദഗതി നിയമത്തിലെ വകുപ്പ് 4 പ്രകാരം വഖഫ് വസ്തുക്കൾ സർവെ ചെയ്യുന്നതിനായി സർവെ കമ്മീഷണറെ നിയമിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (സി) | വഖഫ് സ്വത്തുക്കൾ പ്രത്യുല്പാദന പരമായ കാര്യങ്ങൾക്ക് കൂടി വിനിയോഗിക്കുന്നതിനായി 'വഖഫ് വികസന കോർപ്പറേഷൻ' രൂപീകരിക്ക ന്നതിന് നടപടി സ്വീകരിക്കുമോ? | (സി) | വഖഫ് വികസന കോർപ്പറേഷൻ രൂപീകരിക്കുന്നത് സംബന്ധിച്ച വിഷയം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ